**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1534** | **01-02-2024 - ൽ മറുപടിയ്ക്ക്**

**അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിനായി നൽകിയിട്ടുള്ള അപേക്ഷകളിൽ എത്ര എണ്ണം തീരുമാനമാകാതെ കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ തീരുമാനമാകാതെ കിടക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>**താലൂക്കിന്റെ പേര്** \| **അപേക്ഷകളുടെ എണ്ണം**<br>കാസർഗോഡ് \| 124<br>മഞ്ചേശ്വരം \| 0<br>ഹോസ്ദുർഗ്ഗ് \| 4<br>വെള്ളരിക്കുണ്ട് \| 27 |
| (ബി) | പ്രസ്തുത അപേക്ഷകൾ എത്ര കാലം മുമ്പ് ലഭിച്ചതാണെന്നും തീരുമാനമാകാതെ അനന്തമായി നീളുന്നത് എന്തുകൊണ്ടാണെന്നും താലൂക്ക് തിരിച്ചും അപേക്ഷ തിരിച്ചും വിശദമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കാലതാമസത്തിനുള്ള കാരണം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | കാലതാമസത്തിനുള്ള കാരണം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. കക്ഷികൾക്ക് ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി മെസേജ് അയയ്ക്കുന്നുണ്ട്. |
| (ഡി) | അനന്തരാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ എത്ര ദിവസത്തിനകം ആണ് സർട്ടിഫിക്കറ്റ് ലഭ്യമാകുക എന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ഡി) | ലാൻഡ് റവന്യൂ മാന്വൽ ഖണ്ഡിക 236 (8) പ്രകാരം അനന്തരാവകാശികളെ നിർണ്ണയിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചാൽ വില്ലേജ് ഓഫീസർ വിശദമായ പ്രാദേശികാന്വേഷണം നടത്തേണ്ടതും മരണപ്പെട്ടയാളുടെ മരണത്തീയതിയിൽ പ്രായപൂർത്തിയായ രണ്ടിൽ കുറയാതെയുള്ള അയൽസാക്ഷികളിൽ നിന്നും അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള മൊഴി ശേഖരിക്കേണ്ടതുമാണ്. അപേക്ഷകന്റെ സത്യവാങ്മൂലം, അയൽസാക്ഷി മൊഴികൾ, അപേക്ഷകൻ ഹാജരാക്കിയ രേഖകൾ എന്നിവ സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ട് സഹിതം |

| | | | |
|---|---|---|---|
| | | | വില്ലേജ് ഓഫീസർ തഹസിൽദാർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>അപാകത ഇല്ലാത്ത അപേക്ഷകളിൽ 5 ദിവസത്തിനകം നടപടി പൂർത്തിയാക്കി ഗസറ്റ് നോട്ടീസ് പബ്ലിഷ് ചെയ്യാൻ ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചു കൊടുക്കുകയും ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ നിശ്ചിത കാലപരിധിയായ 30 ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചില്ലെങ്കിൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**കാസർഗോഡ് ജില്ലയിൽ തീരുമാനമാകാതെ കിടക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷകൾ ലഭിച്ച വർഷവും തീർപ്പാക്കാത്തതിനുള്ള കാരണങ്ങളും സംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരം.**

| ക്രമ നം. | താലൂക്കിന്റെ പേര് | അപേക്ഷകൾ ലഭിച്ച വർഷം | | അപേക്ഷകൾ തീർപ്പാക്കാത്തതിനുള്ള കാരണം |
|---|---|---|---|---|
| | | 2022-ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | 2023-ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | |
| 1 | കാസർഗോഡ് | - | 124 | അവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ |
| 2 | മഞ്ചേശ്വരം | 0 | 0 | ബാധകമല്ല |
| 3 | ഹോസ്ദുർഗ്ഗ് | 2 | 2 | അവകാശികൾ തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ |
| 4 | വെള്ളരിക്കുണ്ട് | 11 | 16 | അപേക്ഷകർ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ |